പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4326

21.7.2015 ൽ മറുപടിയ്ക്ക്

# വിഭിന്നശേഷിക്കാർക്ക് വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിഭിന്നശേഷിക്കാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ വകുപ്പുകളിലും സർക്കാരിനു കീഴിലെ കോർപ്പറേഷനുകളിലും നിയമനം ലഭിച്ചവരുടെ സൂപ്പർ ആന്വേഷൻ പെൻഷൻ ആനുകൂല്യത്തിൽ വലിയ അന്തരവും വിവേചനവും നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) സർക്കാരിനു കീഴിലെ ചില ബോർഡ് കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച വികലാംഗർക്ക് രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ സർവ്വീസ് പെൻഷന് അർഹത ലഭിക്കുമ്പോൾ വികലാംഗരുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച കോർപ്പറേഷനിൽ സമാനമായ രീതിയിൽ നിയമനം ലഭിച്ച് ഇരുപതും മുപ്പതും വർഷത്തെ സേവന ശേഷവും സർവ്വീസ് പെൻഷന് അർഹത നൽകിയിട്ടില്ലെന്ന കാര്യം അറിവുണ്ടോ ; | (എ) & (ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് ഇതേവരെ സർവ്വീസ് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇ.പി.എഫ് പെൻഷൻ പദ്ധതിയാണ് ഈ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ ഈ രണ്ട് പെൻഷൻ പദ്ധതികളും തമ്മിൽ ആനുകൂല്യങ്ങളുടെ കാര്യത്തിൽ അന്തരം ഉണ്ട്. |

| | |
|---|---|
| (സി) സർവ്വീസ് പെൻഷൻ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകൾ പരിശോധിക്കുകയോ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ചെയ്യാതെ വർഷങ്ങളോളം ചില ജീവനക്കാർ മാറ്റി വച്ച് വികലാംഗരുടെ അവകാശ നിഷേധം നടത്തി എന്ന ആവലാതിയെക്കുറിച്ച് അന്വേഷണം നടത്തി നിയമാനുസൃത നടപടി സ്വീകരിക്കുമോ;<br>(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് പെൻഷൻ ലഭിക്കാൻ അർഹമായ സേവന കാലം പൂർത്തിയാക്കിയ എല്ലാ വികലാംഗർക്കും വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) &(ഡി) വർഷങ്ങളോളം പരിഗണനയ്ക്ക് സമർപ്പിക്കാതെ അപേക്ഷകൾ മാറ്റിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1979 ൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ സാമ്പത്തിക പരിമിതികൾ കാരണം സർവ്വീസ് പെൻഷൻ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത് എന്നാൽ സർവ്വീസ് പെൻഷൻ നടപ്പിലാക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 26.3.2015 ലെ 174-ാമത് ഡയറക്ടർ ബോർഡ് യോഗം കോർപ്പറേഷനിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് നൽകുവാൻ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ